**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5326** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.ഡി.എഫ്. പദ്ധതി മുഖേന കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ കൃഷി, അനുബന്ധ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV-ൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിലെ ആറാട്ടുകളത്തിന്റെ നവീകരണ പ്രവൃത്തി കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് 108.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (സി) | ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ അപേക്ഷകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ചെറുകിട ജലസേചനം, സൂക്ഷ്മ ജലസേചനം
2. മണ്ണ് സംരക്ഷണം
3. വെള്ളപ്പൊക്ക നിയന്ത്രണം
4. നീർത്തട വികസനം / വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ (കൃഷി ഭൂമി) വീണ്ടെടുക്കൽ (Reclamation of water logged area)
5. ജലനിർഗ്ഗമന സംവിധാനം
6. വന വികസനം
7. മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനം
8. ശീതീകരണ സംവിധാനങ്ങൾ ഒരുക്കുന്ന പദ്ധതികൾ
9. കൃഷി / വിത്തുൽപ്പാദന ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം
10. തോട്ടങ്ങൾ ഉദ്യാന വിളകൾ (plantation and horticulture)
11. ലബോറട്ടറികൾ
12. സാമൂഹ്യ ജലസേചനം
13. മത്സ്യ ബന്ധന തുറമുഖങ്ങൾ/ജെട്ടികൾ
14. നദീജല മത്സ്യബന്ധനം
15. മൃഗ സംരക്ഷണം
16. നൂതന കശാപ്പ ശാലകൾ
17. ഇടത്തരം ജലസേചന പദ്ധതികൾ
18. വൻകിട ജലസേചന പദ്ധതികൾ
19. കാർഷിക യന്ത്രവത്ക്കരണം

സെക്ഷൻ ഓഫീസർ